കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലാ പഞ്ചായത്ത് ഐ.ടി ഹാൾ നവീകരണം ഡിപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.3135/2018/ തസ്വഭവ തിരുവനന്തപുരം, തീയതി,13.12.2018.

---

പരാമർശം :- 1 . കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 16.10.2018 ലെ എ(9)1695/18 നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.2018 ലെ 4.12 നമ്പർ തീരുമാനം

**ഉത്തരവ്**

കൊല്ലം ജില്ലാ പഞ്ചായത്ത് ഐ.ടി ഹാൾ നവീകരണം എന്ന പ്രവൃത്തി 2017-18 വർഷത്തിലെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നെന്നും ആർട്കോ മുഖേനയാണ് പ്രവൃത്തികൾ നടത്തി വരുന്നതെന്നും ടി ഹാളിൽ എ.സി സ്ഥാപിക്കൽ, ( പ്രൊജക്റ്റ് നമ്പർ 1039/19)സൗണ്ട് സിസ്റ്റവും സി.സി ക്യാമറയും സ്ഥാപിക്കൽ ( പ്രൊജക്റ്റ് നമ്പർ 1043/19 ) എന്നീ പ്രവൃത്തികൾ 2018-19 വർഷത്തിൽ ഉൾപ്പെടുത്തുകയും ആയതിനു ഡി പി സി അംഗീകാരം ലഭിച്ചു എന്നും പ്രസ്തുത പ്രവൃത്തികൾ പി.ഡബ്ള്യു.ഡി ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് വിഭാഗത്തെ കൊണ്ട് ഡിപ്പോസിറ്റ് വർക്കായി നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു.

2. ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.2018 ലെ യോഗം പരിശോധിച്ചു. ടി കമ്മിറ്റിയുടെ പരാമർശം രണ്ടിലെ തീരുമാന പ്രകാരം ടി പ്രോജക്ടുകൾ പി.ഡബ്ള്യു.ഡി ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് വിഭാഗത്തെ കൊണ്ട് ഡിപ്പോസിറ്റ് വർക്കായി നടപ്പിലാക്കുന്നതിന് കൊല്ലം ജില്ലാ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. കാലതാമസം ഉണ്ടാകില്ല എന്ന് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ്, തിരുവനന്തപുരം

സെക്രട്ടറി/പ്രസിഡണ്ട്, കൊല്ലം ജില്ലാ പഞ്ചായത്ത്

ധനകാര്യ (ഡെവലപ്പ്മെന്റ് ) വകുപ്പ് **(DEV-3/266/2018-FIN)**

തദ്ദേശസ്വയംഭരണ (ഒ . എസ്) വകുപ്പ്, ഡിബി2/367/18

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ